പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 1307 03.12.2015 -ൽ മറുപടിക്ക്

പാചകവാതക വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സാജു പോൾ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) എറണാകുളത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അദാനി ഗ്രൂപ്പിന്റെ ഗാർഹിക പാചക വാതക വിതരണ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ;പദ്ധതിയുടെ വിശദാംശം അറിയിക്കുമോ? | (എ) എറണാകുളം ജില്ലയിലെ കൊച്ചി നഗരത്തിലും പരിസര പ്രദേശത്തും ഉള്ള ഗാർഹിക വ്യാവസായിക, ഗതാഗത മേഖലയിലുള്ള ഉപഭോക്താക്കൾക്ക് പാചക ആവശ്യത്തിനും മറ്റാവശ്യങ്ങൾക്കും പ്രകൃതി വാതകം എത്തിക്കുന്നതിനായി ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെയും അദാനി ഗ്യാസിന്റെയും കൂട്ടായ സംരംഭമായ മെസ്സേഴ്സ്. ഇന്ത്യൻ ഓയിൽ - അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനെ കേന്ദ്ര സർക്കാരിന്റ് കീഴിലുള്ള പെട്രോളിയം ആന്റ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ചുമതല പ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്ന തിലേയ്ക്കായുള്ള പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന് വേണ്ടി എറണാകുളം ജില്ലാ കളക്ടറെ നൊഡാൽ ഓഫീസറായി നിയമിച്ചു കൊണ്ട് വ്യവസായ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ